**QP CODE: 19103113**

19103113

**Reg No** : .....................

**Name** : .....................

## B.Com. DEGREE (CBCS) EXAMINATION, NOVEMBER 2019

**First Semester**

(For B.Com Model II Programmes)

**Common Course II - ML1CCT11 - MALAYALAM-KATHA,KAVITHA,NATAKAM**

2017 Admission Onwards

1500B5F3

Time: 3 Hours — Maximum Marks :80

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും* ***പത്തു*** *ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം.*

1. "കള്ളത്തീ, ഇത്ര നേരത്തെ കക്കാനെത്തിയോ നീ? പിടിവിട്ട് ഒരടി അകലത്തിൽ മാറി നിന്നുകൊണ്ട് ചോദിച്ചു"-ചോദ്യമെന്ത് ? സന്ദർഭമെന്ത് ?
2. "കാലത്തിലൂടെ പരിണാമം വന്ന വികാരം സംഭവത്തിലെ വില്ലനെ നായകനാക്കി മാറ്റി" ബീബിക്ക് അബ്ദുള്ള പ്രിയപ്പെട്ടവനായതെങ്ങനെ?
3. 'കാലത്തിൽ ആ ശബ്ദം പടർന്നു പിടിച്ചു' - രാജേന്ദ്രൻ ശബ്ദരാക്ഷസനായി മാറിയതെങ്ങനെ?
4. "ഞങ്ങൾക്കാകെകൂടി ഒരുപെങ്ങളേയുള്ളു" -സന്ദർഭം വിശദമാക്കുക
5. വ്യത്യസ്ത ഗന്ധങ്ങൾ 'അനന്തപദ്മനാഭന്റെ മരക്കുതിരകൾ' എന്ന കഥയെ മുന്നോട്ട് നയിക്കുന്നതെങ്ങനെ ?
6. "ഞാനൊരപരാധിയാണെന്നപോലവേ
   ആ നോട്ടുപുസ്തകം മാറ്റിവച്ചു"' - കാരണമെന്ത്?
7. 'അരിയില്ലാഞ്ഞിട്ട്' എന്ന കവിതയിൽ ദാരിദ്ര്യം കവി അവതരിപ്പിക്കുന്നത് എങ്ങനെ?.
8. 'വിധി പോരടിപ്പി -
   ച്ചുയിരറ്റവർതൻ കഥ.' - ഏത് കഥയെക്കുറിച്ചാണ് കവി പറയുന്നത്?
9. 'ഇങ്ങനെ കഴിയാൻ കഴിയും കാലം
   സുന്ദരമല്ലെന്നെങ്ങനെ പറയും ?' - കാരണമെന്ത്?
10. 'ചോർന്നൊലിക്കുന്ന മുറി' എന്ന കവിതയിൽ തെളിയുന്ന മാധ്യമ സംസ്കാരം എന്ത്?
11. നാടകത്തിന്റെ അവസാനം എന്ത് ചിന്തയിലേക്കാണ് താജ് പ്രേക്ഷകരെ എത്തിച്ചത്?.

12. ഈ രാവുണ്ണിക്ക് കടം ഒരു പ്രതികാരമാ- സംഭാഷണത്തിലെ ധ്വനി?

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. "ക്രൂശിതയായ ഈ മനുഷ്യപുത്രിയുടെ മുൻപിൽ താനാകെ ചെറുതായി വരുന്നതുപോലെ അയാൾക്ക് തോന്നി" ഈ അവസ്ഥയിലേക്ക് ഗോവിന്ദൻകുട്ടി എത്തിച്ചേരാനുള്ള സാഹചര്യം വിവരിക്കുക.

14. 'പറുദീസാനഷ്ടം' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

15. 'ഹീബ്രുവിലൊരു പ്രേമലേഖനത്തിന്റെ ' രചനാരീതി വിശദമാക്കുക.

16. വർത്തമാനകാലത്തിൽ നിന്ന് ഭൂതകാലത്തിലേക്ക് സഞ്ചരിക്കുന്ന കഥയാണ് 'നൂല്' വ്യക്തമാക്കുക.

17. ഗ്രാമീണ ജീവിതത്തിന്റെ നൈസർഗ്ഗീക രൂപഭാവങ്ങൾ കാവ്യ വിഷയമാക്കിയ കവിയാണ് ഇടശ്ശേരി. 'വായാടി' എന്ന കവിതയിലൂടെ സമർത്ഥിക്കുക.

18. കരിപിടിച്ച ജന്മങ്ങളുടെ ഗീതയാണ് ഭാഗവതം - വിശദമാക്കുക.

19. 'കടപ്പത്രങ്ങൾ , ദുഃഖപടങ്ങൾ , അപമാന -
സ്മൃതി ചിത്രങ്ങൾ , പിന്നെയിന്നത്തെയത്താഴവും ' - വിശദമാക്കുക.

20. 'സ്വന്തം മണ്ണെന്നോർത്തു ആരോഗ്യം കുത്തിയൊലിപ്പിക്കുമ്പോ നീ കണ്ടോന് പണയപെട്ടതായിരുന്നോ പുളയാടിച്ചി'- ഈ വരികളിൽ തെളിയുന്നതെന്ത് ?

21. ജന്മിത്തത്തിന്റെ പല രൂപങ്ങൾ ഇന്നും നമ്മുടെ സമൂഹത്തിൽ വേഷം മാറി പ്രത്യക്ഷപെടുന്നതായി രാവുണ്ണി വെളിപ്പെടുത്തുന്നു. വിശദമാക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും 15 മാർക്ക് വീതം.*

22. നവോഥാനത്തിനു ശേഷമുള്ള ജന്മിത്വത്തിന്റെ അവസ്ഥയാണ് മനുഷ്യപുത്രി എന്ന കഥ. വിശദമാക്കുക.

23. 'നൂല് ' എന്ന കഥയിൽ തെളിയുന്ന പ്രണയത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചു ചർച്ച ചെയ്യുക.

24. സാമൂഹികാവസ്ഥയിലേക്ക് നീളുന്ന അർത്ഥതലങ്ങൾ 'കോവിലിനു പുറത്തെ ചെരുപ്പിന്റെ പ്രാർത്ഥന' എന്ന സച്ചിദാനന്ദന്റെ ചെറുകവിതക്കുണ്ട്. - വിശദമാക്കുക.

25. മലയാള നാടക സാഹിത്യ ചരിത്രത്തിൽ 'രാവുണ്ണി' യുടെ സ്ഥാനം എന്ത്?

(2×15=30)